# സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (എസ്ഇഐഎഎ) കേരളം

ദേവികൃപാ, പള്ളിമുക്ക്, പേട്ട പി.ഒ., തിരുവനന്തപുരം - 695024
ഫോൺ : 91471 - 2742262 (ഓഫീസ്)
e-mail: seacseiaakerala@gmail.com
web: www.seiaakerala.org

**നമ്പർ 1377/ഇസി2/2016/എസ്.ഇ.ഐ.എ.എ.** **തീയതി: 27/08/2016**

സ്വീകർത്താവ്,

**അഡീഷണൽ ചീഫ് സെക്രട്ടറി,**
പരിസ്ഥിതി വകുപ്പ്

സർ,

വിഷയം:- കരമണൽ ഖനനം - കുളങ്ങൾ നിർമ്മിക്കാൻ എന്ന പേരിൽ, മറ്റനുമതികൾ കൂടാതെ കരമണൽ ഖനനം നടത്തുന്നതായി വയനാട് ജില്ലാ കളക്ടറുടെ റിപ്പോർട്ട് സംബന്ധിച്ച്

സൂചന:- 1. 22.6.2016 ൽ വയനാട് ജില്ലാ കളക്ടർ അയച്ച എൽ2- 2015/17329/12 നമ്പർ അയച്ച ഔദ്യോഗിക കത്ത്
2. 2.7.2016 ലെ ഇ-മെയിൽ

സൂചനകളിലേയ്ക്ക് സാദരം ശ്രദ്ധക്ഷണിക്കുന്നു.

കുളങ്ങൾ നിർമ്മിക്കുന്നതിനും, ഉള്ളവ വൃത്തിയാക്കുന്നതിനും മണൽ വാരിയെടുക്കുന്നതിനായി 2015 -ലെ കേരളാ ലഘുധാതു ഖനന ചട്ടങ്ങളിൽ പ്രത്യേക നിബന്ധനകളില്ല എന്ന് 9.3.2015 ൽ മൈനിങ്ങ് ജിയോളജി ഡയറക്ടർ അയച്ച കത്തിൽ പരാമർശിക്കുന്നതിന്റെ ബലത്തിൽ, മൽസ്യ കൃഷിക്കു വേണ്ടി കുളം നിർമ്മാണം/വൃത്തിയാക്കൽ എന്ന വ്യാജേന, അനധികൃത കരമണൽ കടത്ത് നടക്കുന്നതായും, അത് തടയുന്നതിനായി, കർശന നിബന്ധനകളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കണമെന്നുമാണ് ഒന്നാമത് സൂചനപ്രകാരം വയനാട് ജില്ലാ കളക്ടർ , സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നത്. ഇത്തരം സംഭവങ്ങളിൽ ഹൈക്കോടതി, ഖനനത്തിനനുകൂലമായി ഉത്തരവുകൾ നല്കുന്നതിനുദാഹരണമായി 39617/2015 എന്ന റിട്ടുഹർജിയിൽ 23.12.2015 ൽ പുറപ്പെടുവിച്ച വിധിയുടെ പകർപ്പും ലഭ്യമാക്കിയിട്ടുണ്ട്.

അനധികൃത കരമണലെടുപ്പിനെ അനുവദിക്കുന്നതല്ല പ്രസ്തുത കോടതിവിധി എന്ന് ആദ്യമായി ചൂണ്ടിക്കാട്ടികൊള്ളുന്നു. കുളം വൃത്തിയാക്കൽ എന്ന ആവശ്യം, (പരിശോധന നടത്തി ബോദ്ധ്യപ്പെട്ട്), യഥാർത്ഥമാണെങ്കിൽ, സാധാരണ മണ്ണ് (Ordinary earth) നീക്കം ചെയ്യാൻ അനുവദിക്കണമെന്നാണ് വിധി. കരമണലും, മണ്ണും തികച്ചും വിഭിന്നങ്ങളായ ലഘുധാതുക്കളാണ്. കരമണലിന്റെ കാര്യത്തിൽ 9.2.2016ലെ 1982/എ3/2015/പരിസ്ഥിതി എന്ന സർക്കുലറാണ് ബാധകമാകുന്നത്. അക്കാര്യത്തിൽ ഖനനചട്ടങ്ങൾ പരിശോധിക്കേണ്ടതില്ല. എന്നാൽ 15.1.2016 ലെ എസ് 3141 (ഇ) എന്ന വിജ്ഞാപനത്തിലെ അനുബന്ധം X പ്രകാരം, ചിലതരം ലഘുധാതു ഖനന നടപടികൾ മുൻകൂർ പാരിസ്ഥിതിക അനുമതി നിബന്ധനകളിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട്. അക്കൂട്ടത്തിൽപ്പെടുന്ന പ്രവൃത്തിയാണെങ്കിൽ, കരമണലാണ് നീക്കം ചെയ്യപ്പെടുന്നതെങ്കിൽപ്പോലും

മുൻകൂർ പാരിസ്ഥിതിക അനുമതി ആവശ്യമില്ല. ടി വിജ്ഞാപന പ്രകാരം 5 ഹെക്ടർവരെയുള്ള ലഘുധാതു ഖനനങ്ങൾക്ക് മുൻകൂർ പാരിസ്ഥിതിക അനുമതി നൽകേണ്ടത് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള DEIAA ആണ്. ഇക്കാര്യങ്ങളിൽ എപ്രകാരമാണ് പാരിസ്ഥിതിക അനുമതി നൽകേണ്ടത് എന്ന കാര്യത്തിൽ 4.8.2016- ൽ DEIAA/DEAC കളുടെ മെമ്പർ സെക്രട്ടറിമാർക്ക് SEIAAയുടെ ആഭിമുഖ്യത്തിൽ പരിശീലനം നല്കിയിട്ടുണ്ട്. ബന്ധപ്പെട്ട വിജ്ഞാപനങ്ങളും കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും, SEIAA സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങളും അറിയിച്ചിട്ടുണ്ട്. ഖനനാനുമതി നല്കുന്ന വേളയിൽ സ്ഥലപരിശോധന നടത്തി, ആവശ്യം യഥാർത്ഥമാണെന്ന് DEIAA/DEAC ന് ബോദ്ധ്യപ്പെടാവുന്നതാണ്. കുളങ്ങൾ നിർമ്മിക്കുമ്പോൾ മാറ്റപ്പെടുന്നത് കരമണലാണെങ്കിൽ, മേല്പറഞ്ഞ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത കേസുകളിൽ മുൻകൂർ പാരിസ്ഥിതിക അനുമതി ആവശ്യമാണ്.

താങ്കളുടെ വിശ്വസ്തൻ,

**ജി. രാജീവ്,**
അഡ്മിനിസ്ട്രേറ്റർ,
(എസ്.ഇ.ഐ.എ.എ)